Shri. K. K. Viswanathan: I second it.

The motion that the First Report of the Committee on Private Members' Bills and Resolutions in 1964 be adopted was put and carried.

RESOLUTIONS

Mr. Speaker: The first resolution is in the name of Shri Moideenkutty Hajee. The Member is absent. Therefore, the Second Resolution may be moved by Shri P. C. Balakrishnan Nambiar.

Resolution No. 2

Constitution of a Committee for the uplift of Scheduled Tribes in Wynad.

ശ്രീ. പി. സി. ബാലകൃഷ്ണൻനമ്പ്യാർ: സർ, താഴെ പറയുന്ന പ്രമേയം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

''വയനാട്ട് താലൂക്കുകളിലെ പട്ടിക വർഗ്ഗക്കാരുടെ സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പ്രശ്നങ്ങൾക്ക് അടിയന്തിരമായ പരിഹാരം ഉണ്ടാക്കേണ്ടതിനെപ്പറ്റി അന്വേഷിച്ച് റിപ്പോർട്ട ചെയ്യുവാൻ ഒരു കമ്മിറ്റിയെ നിശ്ചയിക്കേണ്ടതാണെന്നും ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു സ്കീം തയ്യാറാക്കി പ്രവർത്തിക്കേണ്ടതാണെന്നും ഈ സഭ ഗവണ്മെന്റിനോടഭ്യർത്ഥിക്കുന്നു.''

സർ, ഇങ്ങനെ അനൗദ്യോഗികമായ ഒരു പ്രമേയം ഈ സഭയിൽ അവതരിപ്പിക്കാൻ എന്നെ പ്രേരിപ്പിച്ചതു് ഈ സ്റ്റേറ്റിലെ ബഹുഭൂരിപക്ഷം പട്ടിക വർഗ്ഗക്കാരും കേന്ദ്രീകരിച്ചു അധിവസിക്കുന്ന പ്രദേശം വയനാട് താലൂക്കു് ആണെന്നുള്ള വസ്തുതകൊണ്ടാണു്. ഈ സ്റ്റേറ്റിലെ പല ഭാഗങ്ങളിലും മലയോരങ്ങളിലും മറ്റും ചിന്നിച്ചിതറി ആദിവാസികളിൽ പലരും താമസിക്കുന്നുണ്ടെങ്കിലും, അതിനെപ്പറ്റി നമ്മുടെ സ്റ്റേറ്റിൽ നിഷ്പക്ഷമായി ഒരന്വേഷണം നടത്തുകയാണെങ്കിൽ ഏറ്റവും അധികം പിന്നോക്കം നിൽക്കുന്നവരും അവശന്മാരും, ആത്മന്മാരും, ആലംബഹീനന്മാരും എന്നു് ആരെ വിളിക്കുന്നുവോ അവർ വാസ്തവത്തിൽ വസിക്കുന്നതു് വയനാടിലെ മലയോരപ്രദേശങ്ങളിൽ ആണെന്നുള്ള പരമാർത്ഥം മനസ്സിലാക്കാൻ സാധിക്കും. സർ, ഈ നിയമസഭയിൽ തന്നെ ഇതിനുമുമ്പു് വയനാടിലെ പട്ടികവർഗ്ഗക്കാരെ സംബന്ധിച്ചു് ഗൗരവമായ പ്രശ്നങ്ങൾ ഉന്നയിച്ചിട്ടുണ്ടു്. അതു സ്റ്റേറ്റു ഗവണ്മെന്റിന്റെ മാത്രമല്ല, കേന്ദ്രഗവണ്മെന്റിന്റെ പോലും ശ്രദ്ധയ്ക്കു് വിഷയീഭവിച്ചിട്ടുണ്ടെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. വയനാടിലെ ആദിവാസികളെ പരിഷ്കൃത സമൂഹത്തിനു് നിരക്കാത്ത രീതിയിൽ, മനുഷ്യനെ മനുഷ്യർ വിൽക്കുന്ന ഏറ്റവും ഭയങ്കരമായ ഏർപ്പാടു്, അഥവാ അടിമക്കച്ചവടം നടത്തുന്നുവെന്ന ആരോപണം ആണു് ഈ സഭയിൽ ഒരു കാലത്തു് ഉണ്ടായതു്. അതിനെ സംബന്ധിച്ചു് സ്പീക്കർ അവർകളും ഒരു അന്വേഷണം നടത്താൻ ഉത്തരവുകൊടുക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ ഒരു അന്വേഷണം നടത്തി, അതിലെ ഏതാനും ഭാഗങ്ങളും മനസ്സിലാക്കുകയും ചെയ്തിട്ടുണ്ടെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. അടിമക്കച്ചവടം വയനാട്ടിൽ ഉണ്ടെന്നു പറയുന്നതു് ഒരു കെട്ടുകഥയാണു്. എങ്കിലും പ്രധാനമായ പ്രശ്നം അതല്ല. ഒരു പ്രദേശത്തു് അടിമക്കച്ചവടം ഉണ്ടെന്നും, ഇല്ലെന്നും പറയുമ്പോൾ അതിനു് പങ്ങളെക്കൊണ്ടു് കസർത്തുനടത്തി കൃതാർത്ഥത കൊള്ളുന്ന സാഹസത്തിനു് മുതിരുന്നതിനു പകരം, അവരുടെ ന്യായമായ അവശതകൾ എന്താണെന്നു് മനസ്സിലാക്കി പ്രത്യേകമായ രീതിയിൽ അതിനു് ഒരു പരിഹാരം കാണുകയെന്നുള്ളതാണു് ഏറ്റവും അത്യാവശ്യമായ കാര്യം. കുറെ ഷെർപ്പകളെക്കൊണ്ടുചെന്നു ഹിമാലയ പ്രദേശങ്ങളിൽ ഹിമമനുഷ്യൻ സഞ്ചരിച്ച കാൽപ്പാടുകളെ അന്വേഷിക്കുന്ന ഒരു സംപ്രദായം വയനാട്ടിൽ ഹരിജനോദ്ധാരണ വിഷയത്തിൽ അവലംബിക്കുന്നതു ശരിയല്ല. ഇതിനെപ്പറ്റിയുള്ള വിവാദപരമായ വിഷയത്തിലേയ്ക്കു് കടക്കുന്നതു് പ്രയോജനകരമായിരിക്കുമെന്നു് ഞാൻ വിചാരിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ]

യഥാർത്ഥമായിട്ട് വയനാടൻ പ്രദേശങ്ങളിൽ അധിവസിക്കുന്ന പട്ടിക വർഗ്ഗക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ അവശതകളുടെ ചിത്രം ഇവിടെ അവതരിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു. പട്ടിക വർഗ്ഗക്കാരായ പല വിഭാഗങ്ങളും ഇവിടെയുണ്ട്. പഴശ്ശി തമ്പുരാന്റെ ചരിത്രപ്രസിദ്ധമായ പ്രതിരോധനിരയിൽ മഹത്തായ ഒരു സ്ഥാനം വഹിച്ചിരുന്നതു് 'കുറിച്ചിയ' പടയായിരുന്നുവെന്നു് ചരിത്രരേഖകളിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. ആ കുറിച്ചിയ സമുദായവും പട്ടികവർഗ്ഗക്കാരിൽപ്പെട്ടവരാണു്. കുറിച്ചിയസമുദായത്തിനും അതുപോലെതന്നെ മറ്റൊരു വിഭാഗമായ മുള്ളുകുറവർ സമുദായത്തിനും കുറേയേറെ ഭൂമികളും കൃഷിസ്ഥലങ്ങളും സ്വന്തമായിട്ടുണ്ടു്. പിന്നീടുള്ളതു മറ്റു വിഭാഗങ്ങളും പണിയൻ, അടിയാൻ, കാട്ടുനായ്ക്കൻ, ഊരാളന്മാർ എന്നവിഭാഗക്കാരാണു്. ഈ നാലുപേരുകളാൽ അറിയപ്പെടുന്ന വിഭാഗങ്ങളിൽ ഒരു വലിയ ജനസംഖ്യതന്നെയുണ്ടു്. സർ, കണ്ണൂർ ഡിസ്ട്രിക്ടിലെ പട്ടികവർഗ്ഗക്കാരിൽ ജനസംഖ്യയുടെ മൂന്നിലൊന്നു വസിക്കുന്നതു് വടക്കെ വയനാട്ടിൽ ആണെന്നു പറയുമ്പോൾ, അവരുടെ അവിടത്തെ ജനസംഖ്യ നിസ്സാരമല്ല എന്നു മനസ്സിലാക്കാം. സെൻസസ് അനുസരിച്ചു് നോർത്തു് വയനാടിൽ 21846 ഷെഡ്യൂൾ ട്രൈബ്സ് ഉണ്ടെന്നാണു് പറയുന്നതു്. അതുപോലെതന്നെ തെക്കൻ വയനാടിൽ 25873 ഷെഡ്യൂൾ ട്രൈബ്സ് ഉണ്ടെന്നും പറയുന്നുണ്ടു്. അപ്പോൾ അവിടത്തെ ജനസംഖ്യയുടെ ഏതാണ്ടു് ഇരുപതു്, ഇരുപത്തിരണ്ടു് ശതമാനത്തോളം വരുന്ന ജനസംഖ്യയാണു് ഇതു്. ഇത്രയും വമ്പിച്ച ജനസംഖ്യയുള്ള ഒരു വിഭാഗം ജനങ്ങൾ ഗവണ്മെന്റിന്റെയോ പൊതുജനങ്ങളുടെയോ ശ്രദ്ധയിൽ പെടാതെ അവശതയിൽ കഴിയുകയാണു്. അതുകൊണ്ടു് അവരുടെ അവശതയ്ക്കു ഒരു പരിഹാരം കണ്ടുപിടിക്കേണ്ടതു് ഏതു് പരിഷ്കൃത ഗവണ്മെന്റിന്റെയും കടമയാണു്. നാം സോഷ്യലിസത്തെ സംബന്ധിച്ചും ഗാന്ധിജിയുടെ മഹത്തായ ആദർശങ്ങളെ സംബന്ധിച്ചും പലപ്പോഴും പ്രസംഗിക്കാറുണ്ടു്. പക്ഷെ അതെല്ലാം പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്ന കാര്യത്തിൽ വ്യക്തികളായാലും വേണ്ടില്ല, സംഘങ്ങളായാലും വേണ്ടില്ല, പാർട്ടികളായാലും വേണ്ടില്ല, ഗവണ്മെന്റായാലും വേണ്ടില്ല മുന്നോട്ടുപോയിട്ടില്ലെന്നു് കാണാവുന്നതാണു്. ഹരിജനങ്ങളെ സംബന്ധിച്ചിടത്തോളം എത്രത്തോളം ത്യാഗം ബാപ്പുജി സഹിച്ചിട്ടുണ്ടെന്നു് നമുക്കറിയാവുന്നതാണു്. എങ്കിലും അവരുടെ കാര്യത്തിൽ ഇതുവരെയും വേണ്ടത്ര കണ്ണു് തുറക്കാത്തതെന്നുള്ള ചോദ്യംഇന്നും ഒരു ചോദ്യചിഹ്നമായി കിടക്കുകയാണു്. വയനാടൻ താലൂക്കിലുള്ള പട്ടിക വർഗ്ഗക്കാർക്കു് വേണ്ടി മുന്നു ജി. ആർ. ബി. സ്കൂളുകളും മാത്രമേ ആകെപ്പാടെയുള്ളുവെന്നു് പറയുമ്പോൾ, അതു് എത്രയോ തുച്ഛമാണെന്ന എല്ലാവർക്കും മനസ്സിലാക്കാവുന്നതാണു്. കേവലം കാർഷിക തൊഴിലാളികളായി മാത്രം ജീവിച്ചുവരുന്ന ഈ ഭൂരഹിതരായ ജനങ്ങൾക്കു് തൊഴിൽ സൗകര്യം ഇല്ലാത്തതുകൊണ്ടു് പലവിധമായ സമ്മർദ്ദങ്ങൾക്കും വഴിപ്പെട്ടു ജീവിതം നയിക്കേണ്ടിവരുന്നു. പട്ടികവർഗ്ഗക്കാർക്കു് ഇന്നു കേന്ദ്രഗവണ്മെന്റിൽനിന്നും സംസ്ഥാന ഗവണ്മെന്റിൽനിന്നും പലവിധമായ സഹായങ്ങളും ചെയ്തുകൊടുക്കുന്നുണ്ടെന്നു പറയുന്നുണ്ടു്. പക്ഷെ ഇങ്ങനെ കിട്ടുന്നതിൽ എത്ര ശതമാനം അവർക്കു് വേണ്ടി വിനിയോഗിക്കാൻ സാധിക്കുന്നുവെന്നു് മനസ്സിലാകുന്നില്ല. ഇന്നു് രാവിലെ ചോദ്യോത്തരസമയത്തു് ഇതിനെക്കുറിച്ചുള്ള ഒരു ചോദ്യത്തിൽ ഹരിജനങ്ങളുടെ ക്ഷേമത്തിനായി മൊത്തത്തിൽ വിനിയോഗിക്കുന്ന സംഖ്യ എത്രയാണെന്നും, അതിൽ ഷെഡ്യൂൾ ട്രൈബ്സിനുമാത്രം വിനിയോഗിക്കുന്നതു് എത്രയാണെന്നും ഞാൻ ചോദിച്ചപ്പോൾ അതിനെക്കുറിച്ചുള്ള വ്യക്തമായ കണക്കുകൾ പറയാൻ ബഹു മന്ത്രിക്കു സാധിച്ചില്ല. അതിൽനിന്നും മനസ്സിലാകുന്നതു് ഷെഡ്യൂൾ ട്രൈബ്സിനു അർഹിക്കുന്ന വിഹിതംതന്നെ ഇന്നു് കേന്ദ്രഗവണ്മെന്റിൽനിന്നു് കിട്ടുന്നതു് സ്റ്റേറ്റു് ഗവണ്മെന്റു് വേണ്ടരീതിയിൽ വിനിയോഗിക്കുന്നില്ലെന്നാണു്. ഹരിജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി കിട്ടുന്ന സംഖ്യകളെല്ലാം അവരുടെ നന്മയ്ക്കുവേണ്ടി ചെലവഴിക്കുന്നുവെങ്കിലും പല ഭാഗത്തും വേണ്ടത്ര ശ്രദ്ധകൊടുക്കാതെ ചെലവഴിക്കുന്നുതെന്നു് വയനാടിലെ ഹരിജനങ്ങളെ സംബന്ധിച്ചിടത്തോളം നോക്കിയാൽ കാണാവുന്നതാണു്, സൂക്ഷ്മമായി അവരുടെ കാര്യങ്ങളെ സംബ

LIBRARY ARCHIVES Kerala Legislative Assembly

ന്ധിച്ച് മനസ്സിലാക്കണമെങ്കിൽ അതിനു് ഒരു കമ്മിറ്റിയെ നിയമിക്കേണ്ടതു ആവശ്യമാണു്. അങ്ങനെ നിയമിക്കുന്ന കമ്മിറ്റിയിലെ അംഗങ്ങൾ അവിടെയുള്ള ടൗവലേഴ്സ് ബംഗ്ലാവിൽ ചെന്നിരുന്നു കാര്യങ്ങൾ അന്വേഷിച്ചാൽ അവിടത്തെ അവശസമുദായങ്ങളെപ്പറ്റിയുള്ള കാര്യങ്ങൾ അറിയാൻ സാധിക്കുകയില്ല. അവശ സമുദായങ്ങളുടെ ജീവിതത്തിലേയ്ക്കു് ഇറങ്ങിച്ചെല്ലുന്നും, അവരുടെ വിഷമതകൾ അറിയുന്നതിനും കുറച്ചു വിഷമതകൾ സഹിച്ച് കുറെ സമയം അതിനുവേണ്ടി കമ്മിറ്റി അംഗങ്ങൾ വിനിയോഗിച്ചാലേ കാര്യങ്ങൾ അറിയുന്നതിനും, അവരുടെയിടയിലുള്ള യഥാർത്ഥമായ അവശതകൾ മനസ്സിലാക്കാനും അതനുസരിച്ചുള്ള റിപ്പോർട്ട് ഗവണ്മെൻറിന്റെ മുമ്പാകെ സമർപ്പിക്കാനും സാധിക്കുകയുള്ളൂ. അതുകൊണ്ടു് അതിനു യോജിച്ച വിധത്തിലുള്ള ഒരു കമ്മിറ്റിയെ അടിയന്തിരമായി നിയമിക്കണമെന്നും, ആ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവണ്മെൻറ് ഒരു സ്കീം തയ്യാറാക്കി അവരുടെ നന്മയ്ക്കു ആവശ്യമായ പരിപാടികൾ ആസൂത്രണം ചെയ്യണമെന്നുമാണു് ഞാൻ ഈ പ്രമേയം കൊണ്ടുദ്ദേശിക്കുന്നതു്.

സർ, ഇന്നു് ഹരിജനക്ഷേമവകുപ്പിൽ പല കാര്യങ്ങൾക്കും വേണ്ടി ചെലവഴിക്കുന്ന സംഖ്യ വേണ്ട സ്ഥലത്തു് വേണ്ട സമയത്തു് ചെലവഴിക്കാത്തതുകൊണ്ടു് അതുകൊണ്ടുദ്ദേശിക്കുന്ന ഫലം സിദ്ധിക്കാതെ പോകുന്നു. ഹരിജനക്ഷേമ വകുപ്പിനെ സംബന്ധിച്ചു് എനിക്കു് പറയുവാനുള്ളതു് ഈ വകുപ്പിൽ അനുവദിച്ചിട്ടുള്ള പണം അർഹിക്കുന്ന സ്ഥലത്തു് ആദ്യമായി ചെലവഴിക്കണമെന്നാണു്. അതുകൊണ്ടു മാത്രമേ ചില പ്രദേശങ്ങളിലുള്ള പട്ടികവർഗ്ഗക്കാർക്കു് അർഹിക്കുന്ന രീതിയിലുള്ള വല്ല സഹായങ്ങളും കിട്ടുകയുള്ളൂ. സംഖ്യകൾ ചെലവഴിക്കാൻ ഗവണ്മെൻറിൽനിന്നും ഉത്തരവിടുന്നതുപോലെ അതു് ശരിയാംവണ്ണം ചെലവഴിക്കുന്നതിനുള്ള നിർദ്ദേശവുംകൂടി കൊടുക്കണമെന്നും, അതു് വയനാട്ടിലെ പട്ടികവർഗ്ഗക്കാരുടെ നന്മയ്ക്കുവേണ്ടി ചെലവഴിക്കാൻ പരിശ്രമിക്കണമെന്നും എനിക്കു് അഭ്യർത്ഥനയുണ്ടു്.

മറ്റൊരുകാര്യം എനിക്കു ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനുള്ളതു് ഹരിജനങ്ങളുടെ ഇടയിൽ നടത്തുന്ന സാമൂഹ്യപ്രവർത്തനങ്ങൾ ഒന്നുംതന്നെ വയനാടൻ പ്രദേശങ്ങളിലുള്ള ഹരിജനങ്ങളുടെ ഇടയിൽ നടക്കുന്നില്ല. ഇന്നും അവർ നാളെപ്പറ്റി ചിന്തിക്കാൻ പഠിക്കാത്ത ഒരു വിഭാഗമായി ജീവിക്കുകയാണു്. അവരെ സംബന്ധിച്ചു പറയുകയാണെങ്കിൽ മറ്റുള്ളവരെപ്പോലെ കളിയ്ക്കാനോ വ്യത്തിയായി നടക്കാനോ, മനുഷ്യരെപ്പോലെ ജീവിക്കുന്നതിനോപോലും, അവരുടെ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നില്ല, അത്രയ്ക്കു അധഃപതിച്ചുകിടക്കുകയാണു് അവരുടെ ജീവിത സ്ഥിതി. മറ്റെല്ലാ സ്ഥലങ്ങളിലും ഹരിജനങ്ങളെ ഹരിജൻ സേവകന്മാരായിട്ടെടുത്തിട്ടുണ്ടു്. എന്നാൽ വയനാടൻ പ്രദേശത്തു് ഒരൊറ്റ ഹരിജനെപോലും ഹരിജൻ സേവകനായിട്ടെടുത്തിട്ടില്ല. ഈവക കാര്യങ്ങൾകൂടി പരിഗണിച്ചുകൊണ്ടു് ഗവണ്മെൻറിന്റെ ശ്രദ്ധ ഏറ്റവും അടിയന്തിരമായി പതിയേണ്ടതു് വയനാടൻ മല്ലയോര പ്രദേശങ്ങളിലാണു്. ഒരു ടൈബൽ ബ്ലോക്ക് സ്ഥാപിക്കുന്നതിനെപ്പറ്റി ഒരു സൂചനയുണ്ടായിട്ടുണ്ടു്. അതു് എവിടെയാണു് സ്ഥാപിക്കാൻ പോകുന്നതെന്നു് ചോദിച്ചപ്പോഴും പലപ്പോഴും വയനാടൻ താലൂക്കിലാണെന്നു പറഞ്ഞിട്ടുണ്ടു്. അതിനു് വല്ല മാറ്റവും വന്നിട്ടുണ്ടോയെന്നു് എനിക്കറിഞ്ഞുകൂടാ. ടൈബൽ ബ്ലോക്ക് സ്ഥാപിക്കുകയാണെങ്കിൽ അതു അടിയന്തിരമായി സ്ഥാപിക്കേണ്ടതു് വടക്കൻ വയനാടു താലൂക്കിലായിരിക്കണമെന്നും, അതിനെപ്പറ്റി ബഹുമാനപ്പെട്ട ഹരിജന ക്ഷേമവകുപ്പുമന്ത്രി ഏറ്റവും ഔദാര്യബുദ്ധിയോടുകൂടി പ്രവർത്തിക്കണമെന്നുമുള്ള അപേക്ഷയോടുകൂടി ഞാൻ എന്റെ പ്രമേയം അവതരിപ്പിച്ചുകൊള്ളുന്നു.

ശ്രീ. വി. മദ്ദർ: മി. സ്പീക്കർ സർ, ബഹുമാനപ്പെട്ട പി. സി. ബാലകൃഷ്ണൻനമ്പ്യാർ ഇവിടെ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. വയനാട്ടിലെ ആദിവാസി ഹരിജനങ്ങളെ സംബന്ധിച്ചിടത്തോളം അവർക്കു് അവിടെ യാതൊരു വിധസൗകര്യവുമില്ലെന്നുള്ള കാര്യം ഞാൻ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണു്. അവർക്കു പഠിക്കുന്നതിനാവശ്യ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. വി. മദ്ദര]

മായ പള്ളിക്കൂടങ്ങളൊ, ശുദ്ധജലത്തിനുള്ള സൗകര്യമോ യാതൊന്നും അവിടെയില്ല. ഈ കാര്യങ്ങളെല്ലാം ഞാൻ പലതവണ ഈ അസംബ്ലിയിൽ പറഞ്ഞിട്ടുള്ളതാണു്. ഈ കാര്യങ്ങളെപ്പറ്റിയെല്ലാം അവിടെവന്ന ഒരന്വേഷണം നടത്തണമെന്നു ഞാൻ ബഹുമാനപ്പെട്ട സ്പീക്കറെ ക്ഷണിക്കുകയും ചെയ്തിരുന്നു. നിർഭാഗ്യവശാൽ അദ്ദേഹം ആ സ്ഥലം സന്ദർശിക്കാത്തതിൽ എനിക്കു വളരെ ഖേദമുണ്ടു്. സർ, അവിടെ അടിമക്കച്ചവടമുണ്ടെന്നു പറയുന്നതു് തെറ്റാണു്. വയനാട്ടിൽ അങ്ങനെയൊരു സംപ്രദായമേയില്ല. കമ്മ്യൂണിസ്റ്റുപാർട്ടി പഞ്ചായത്തു തെരഞ്ഞെടുപ്പിനെ ലക്ഷ്യമാക്കി അഴിച്ചുവിട്ട പ്രചരണങ്ങളാണു് ഇതൊക്കെ. കമ്മ്യൂണിസ്റ്റുകാർ ആദിവാസികളുടെ ഇടയിൽ കള്ളപ്രചരണം നടത്തി, നിങ്ങൾക്കു് വീടുവച്ചുതരാം, രണ്ടുരൂപ കൂലിയും ഉച്ചക്കഞ്ഞിയും തരാം എന്നുള്ള വാഗ്ദാനങ്ങൾ നടത്തിയാണു് പഞ്ചായത്തുബോർഡുകളിൽ കയറിക്കൂടിയിട്ടുള്ളതു്. കമ്മ്യൂണിസ്റ്റുകാർ ഇങ്ങനെ പല കള്ള വാഗ്ദാനങ്ങളും ചെയ്തു അവിടെ പല കുഴപ്പവുമുണ്ടാക്കിയിട്ടുണ്ടു്. ഈ കാര്യങ്ങളെല്ലാം ഞാൻ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണു്. യാതൊരു വിദ്യാഭ്യാസവുമില്ലാത്ത ഹരിജനങ്ങളെക്കൊണ്ടു് ഒരു കടലാസ്സിൽ ഒപ്പിടുവിച്ചു അവരുടെ സ്വത്തുക്കളും മുഴുവൻ കമ്മ്യൂണിസ്റ്റുകാർ തട്ടിയെടുക്കുകയാണു്. 5,000 രൂപ വിലവരുന്ന സ്വത്തു് 100 രൂപക്കു് രജിസ്ട്രാഫീസിൽപോയി ഒപ്പിടുവിച്ചു വാങ്ങിച്ചു സംഭോംവരെ അവിടെയുണ്ടായിട്ടുണ്ടു്. അങ്ങനെയുള്ള അനർഹമായ പ്രവർത്തികളാണു് അവിടെ നടക്കുന്നതു്. ഇങ്ങനെ പലതും അവിടെ നടക്കുന്നുണ്ടു്. ഈ കാര്യങ്ങളെല്ലാം ഞാൻ പലതവണയായി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി ഒരു കമ്മിറ്റി വിളിച്ചുകൂട്ടി അന്വേഷണം നടത്തേണ്ടതാണെന്നു ആവശ്യപ്പെട്ടിട്ടു് ഇതുവരെയായി യാതൊരു നടപടിയും സ്വീകരിച്ചില്ല. അതിൽ എനിക്കു് ഖേദമുണ്ടു സർ. അതുകൊണ്ടു ഈ കാര്യം ദയവായി ബഹുമാനപ്പെട്ട ഹരിജൻ മന്ത്രി ഒന്നു ശ്രദ്ധിക്കേണ്ടതാണു്. അവിടെ വീടില്ലാത്ത ധാരാളം ആദിവാസി ഹരിജനങ്ങളുണ്ടു്. അവർക്കു വീടുണ്ടാക്കിക്കൊടുക്കണമെന്നുള്ള കാര്യത്തെപ്പറ്റി ഞാൻ പലതവണ ബഹുമാനപ്പെട്ട ഹരിജനക്ഷേമമന്ത്രിക്കു് കടലാസു അയച്ചിട്ടു ഇതുവരെയായി യാതൊരു നടപടിയും എടുത്തില്ല. ആ കാര്യത്തിൽ ഉടൻതന്നെ വേണ്ട നടപടി എടുക്കണമെന്നുള്ള കാര്യം ഞാൻ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണു്. നാലുദിവസം അവിടെ വന്നു സഞ്ചരിച്ചു നോക്കിയാൽ ഈ കാര്യങ്ങളെല്ലാം മനസ്സിലാകും. അവിടെ ഫാറസ്റ്റു ഡിപ്പാർട്ടുമെന്റിന്റെ ധാരാളം പ്രദേശം ഇന്നു വെറുതെ മൃഗങ്ങൾ മേഞ്ഞു കിടക്കുകയാണു്. ആ സ്ഥലം ആദിവാസി ഹരിജനങ്ങൾക്കു് വീടുവച്ചു കെട്ടാൻവേണ്ടി കൊടുക്കണമെന്നു ഞാൻ ഗവണ്മെന്റിനോടപേക്ഷിക്കുകയാണു്. അതുപോലെ അവിടെ റോഡുസൗകര്യങ്ങളൊന്നുമില്ല. ഉള്ള റോഡുതന്നെ നന്നാക്കാതെ കാടുപിടിച്ചു കിടക്കുകയാണു്. അങ്ങനെയുള്ള റോഡുകളൊക്കെ നന്നാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണം. അതുപോലെ അവിടെയുള്ള ആദിവാസികൾക്കു് ശുദ്ധജലം കുടിക്കുന്നതിനുള്ള യാതൊരു സൗകര്യവുമില്ല. അതുകൊണ്ടു് അവിടെ ആവശ്യമുള്ള കിണറുകൾ കുഴിച്ചുകൊടുക്കണം. ഈ കാര്യങ്ങളെല്ലാം ഗവണ്മെന്റു ശ്രദ്ധിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു): സർ, വയനാട്ടിലെ ആദിവാസികളുടെ കാര്യത്തെപ്പറ്റി ആ നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചു് ഇവിടെ അസംബ്ലിയിൽ സംസാരിച്ചതായ ശ്രീ. പി. സി. ബാലകൃഷ്ണൻനമ്പ്യാരും, ശ്രീ. വി. മദ്ദരയും സൂചിപ്പിച്ച ചില കാര്യങ്ങളോടു ഞാൻ പരിപൂർണ്ണമായി യോജിക്കുകയാണു്. വെറും കാർഷിക തൊഴിലാളികളായ ആ ഗിരിവർഗ്ഗക്കാർക്കു് ഇന്നുവരെ വല്ല സ്വന്ത സ്ഥലമോ, നല്ല ഭവനങ്ങളൊ ആ പ്രദേശങ്ങളിലില്ലെന്നുള്ള വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്. വയനാടു പ്രദേശത്തെ ആദിവാസികളുടെ കാര്യത്തിൽ, വിദ്യാഭ്യാസപരമായും സാംസ്കാരികപരമായും മറ്റും പല കാര്യങ്ങളിലും പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുകയും ചെയ്തിട്ടുണ്ടു്. വയനാട്ടിലെ പ്രദേശങ്ങളായ കണ്ണവം, പിഞ്ഞേരി തുടങ്ങി പ്രത്യേക പ്രദേശങ്ങളെ തിരഞ്ഞെടുത്തുകൊണ്ടു് അവിടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രത്യേക കാളനികം ഇതിനകം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാൽ തന്നെയും വയനാട് താലൂക്കിലെ വള്ളർക്കാവു തുടങ്ങിയ പ്രദേശങ്ങളിലെ ആദിവാസികൾക്കു് ഒരു കരാറിന്റെ അടിസ്ഥാനത്തിൽ അവരുടെ തൊഴിലിനു കൂലിയായി നെല്ലു് കൊടുക്കുന്ന ആ വ്യവസ്ഥ അവർക്കു് ഒട്ടും തൃപ്തികരമല്ലെന്നു കാണാൻ സാധിക്കും. ആദിവാസികളെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ രണ്ടു പദ്ധതി കാലഘട്ടങ്ങളിൽ 32 ലക്ഷംരൂപ വിവിധ രംഗങ്ങളിലായി അവർക്കുവേണ്ടി വിനിയോഗിച്ചിട്ടുണ്ട്. പ്രത്യേകിച്ചു ഹരിജനക്ഷേമ വകുപ്പിന്റെ കീഴിലായി സ്റ്റേറ്റിലെ ആദിവാസികൾക്കുവേണ്ടി 99 ട്രൈബൽ സ്കൂളുകളും 36 ആശ്രിത വിദ്യാലയങ്ങളും സ്റ്റേറ്റിന്റെ നാനാഭാഗങ്ങളിൽ ഇന്നു പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ടു്. ഈ വയനാട് പ്രദേശത്തുള്ള ആദിവാസികളുടെ പ്രത്യേക സ്ഥിതിഗതി പരിശോധിക്കാനും, ശാസ്ത്രീയമായി അതിനൊരു സർവ്വെ നടത്താനും ഗവണ്മെൻറു കഴിഞ്ഞ സെപ്റ്റംബർ മാസത്തിൽ കല്പന പുറപ്പെടുവിച്ചു കഴിഞ്ഞിട്ടുണ്ടു്. ആ റിപ്പോർട്ടു ലഭിക്കുന്നതുവരെ അതിന്റെ പ്രവർത്തനം മന്ദീഭവിപ്പിക്കണമെന്നും ഗവണ്മെൻറിനു ഉദ്ദേശമില്ല. ആദിവാസികൾക്കുവേണ്ടി പ്രത്യേക സ്ഥലങ്ങളിൽ ചില പദ്ധതികൾ ആവിഷ്കരിക്കുകയാണെന്നു ഞാൻ സൂചിപ്പിക്കുകയുണ്ടായി. ഉദാഹരണമായി അട്ടപ്പാടി ട്രൈബൽ ബ്ലോക്കിൽ ഓരോ കൊല്ലവും അവിടെയുള്ള ആദിവാസികൾക്കുവേണ്ടി 5 ലക്ഷം രൂപ ഭവനനിർമ്മാണ പദ്ധതിക്കും മറ്റുമായി വിനിയോഗിക്കുന്നുണ്ടു്. അതിനുശേഷം ഒരു പ്രത്യേക ഏരിയ എടുത്തുകൊണ്ടു് ട്രൈബൽ ബ്ലോക്കായി രൂപാന്തരപ്പെടുത്തി അവരുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ കാര്യങ്ങളെ സംബന്ധിച്ചു് പ്രത്യേക ചില വ്യവസ്ഥകളോടുകൂടി കാര്യങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണു്. എന്നിരുന്നാൽതന്നെയും ഈ സംസ്ഥാനത്തിലെ വിവിധ ഭാഗങ്ങളിലെ ആദിവാസികളും, വയനാടിനെ സംബന്ധിച്ചിടത്തോളം എടുത്തുനോക്കിയാൽ വളരെ പിന്നോക്കമാണെന്നു കാണാൻ സാധിക്കും. പ്രത്യേകം പ്രത്യേകം ചില പദ്ധതികൾ ഓരോ സ്ഥലങ്ങളിലും ആവിഷ്കരിക്കുവാൻ സാദ്ധ്യമല്ലാത്തതുകൊണ്ടു് അങ്ങിങ്ങായി കിടക്കുന്ന ഈ പ്രദേശങ്ങളിൽ എന്തു ഈ രംഗത്തു് ചെയ്യാൻ കഴിയുമെന്നുള്ള കാര്യം ഗവണ്മെൻറു് ഇതിനകംതന്നെ ഡിപ്പാർട്ടുമെൻറിനെക്കൊണ്ടു് അന്വേഷണം നടത്തിക്കഴിഞ്ഞിട്ടുണ്ടു്. തിരുവനന്തപുരം ഡിസ്ട്രിക്റ്റിലെ നെടുമങ്ങാടു്, കോട്ടയം ഡിസ്ട്രിക്റ്റിലെ ഹൈറേഞ്ചു് തുടങ്ങിയ ഇത്തരം പ്രദേശങ്ങളെ കണക്കിലെടുത്തുകൊണ്ടു് ഒരു പദ്ധതി തയ്യാറാക്കി അതിനാവശ്യമായ രൂപ അനുവദിക്കുവാൻവേണ്ടി ഇതിനകംതന്നെ ഇൻഡ്യാ ഗവണ്മെൻറിനോടു് ആവശ്യപ്പെട്ടുകഴിഞ്ഞിട്ടുണ്ടു്. ഈ സന്ദർഭത്തിൽ ഇന്നു വളരെയേറെ ഒച്ചപ്പാടുണ്ടാക്കിയ ഒരു സംഭവം വയനാട്ടിൻ അടിമക്കച്ചവടം നടക്കുന്നു എന്നുള്ളതാണു്. എന്നാൽ വയനാട്ടിൽ ഉള്ള ഈ സമ്പ്രദായം ഈ സംസ്ഥാനത്തു മാത്രമുള്ളതല്ല. മദ്രാസു്, മൈസൂർ, ഒറീസ, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിലും ഇത്തരം വ്യവസ്ഥയുണ്ടെന്നു അന്വേഷണത്തിൽനിന്നു മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടു്. വയനാട്ടിൽ അടിമക്കച്ചവടം ഇല്ല എന്നിരുന്നാൽതന്നെയും അവിടെ ഉണ്ടെന്നറിയപ്പെടുന്ന വ്യവസ്ഥ ഉണ്ടാവാൻ പാടില്ലെന്നു വളരെ വ്യക്തമായി ഗവണ്മെൻറിനു് നിർബന്ധമുണ്ടു്. ഈ വ്യവസ്ഥ മാറ്റുന്നതിനാവശ്യമായ ഒരു നിയമനിർമ്മാണം അടിയന്തിരമായിതന്നെ കൊണ്ടുവരാൻ ഗവണ്മെൻറു് ഉദ്ദേശിക്കുകയാണു്. ആ പ്രത്യേക ഏരിയായിൽ ഇതിനുമുൻപു് ശ്രീ. പി. സി. ബാലകൃഷ്ണൻനമ്പ്യാർ പറഞ്ഞതുപോലെ ഹരിജൻ സേവകനെ നിയമിക്കാത്തതുകൊണ്ടല്ല. അവിടെ ഹരിജൻ സേവകനായിരുന്നയാൾ മറ്റു നല്ലൊരു ഉദ്യോഗം കിട്ടിയതുകൊണ്ടു് പോയിരിക്കുകയാണു്. അവിടെ വീണ്ടും വേറൊരു ഹരിജൻ സേവകനെ നിയമിക്കുവാനുള്ള നടപടികൾ ഗവണ്മെൻറു സ്വീകരിച്ചിട്ടുണ്ടു്. ഇതിനുപുറമേ വയനാട്ടിൽ പ്രത്യേകമായി ഏറ്റവും നല്ല രണ്ടു ഹരിജൻ സാമൂഹ്യ പ്രവർത്തകരെ അടിയന്തിരമായി നിയമനം നടത്താനുള്ള നടപടി എടുത്തുകഴിഞ്ഞിട്ടുമുണ്ടു്. ഇന്നു വയനാട് പ്രദേശത്തു മാത്രമല്ല ഈ സ്റ്റേറ്റിന്റെ എല്ലാ ഭാഗങ്ങളിലുമുള്ള ആദിവാസികളുടെ ഋണബാദ്ധ്യതയെ സംബന്ധിച്ചും ഉരിതങ്ങളെ സംബന്ധിച്ചും ശാസ്ത്രീയമായ ഒരന്വേഷണം നടത്തുവാൻ ബ്യൂറോ ആഫ് എക്കണോമിക്സു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കുഞ്ഞമ്പു]

സ്റ്റഡീസ് ഡിപ്പാർട്ടുമെൻറിനു് ഈ സെപ്റ്റംബർ മാസത്തിൽതന്നെ വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ടു്. ആ കാര്യത്തെപ്പറ്റി ഗവണ്മെൻറു് കാലതാമസം കൂടാതെതന്നെ അടിയന്തിര നടപടി എടുക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല.

ഭരണഘടന ഉറപ്പു നൽകുന്ന എല്ലാ മൗലികാവകാശങ്ങളും അനുവദിക്കുന്നതിനും, ഭാരതത്തിലെ എല്ലാ പൗരന്മാർക്കും ആവശ്യമായ എല്ലാ പരിരക്ഷകളും നൽകുന്നതിനും ഈ ഗവണ്മെൻറു് ശ്രമിക്കുന്നതാണു്. അവരെ അടിമകളാക്കാൻ ആരെങ്കിലും ശ്രമിക്കുന്നുണ്ടെങ്കിൽ അക്കൂട്ടർക്കു് താക്കീതു നൽകാനും ഈ അവസരം ഞാൻ ഉപയോഗിക്കുകയാണു്. യാതൊരു പിട്ടുവീഴ്ചയുമില്ലാത ഈ രംഗത്തു് ഗവണ്മെൻറു് മുൻകൈ എടുത്തു് പ്രവർത്തിക്കുമെന്നും അവരെ പൂഷണം ചെയ്യാൻ ഇവിടെ ഒരുത്തരേയും അനുവദിക്കാത്ത തരത്തിലുള്ള ശക്തിയായ ഒരു നിയമനിർമ്മാണംകൊണ്ടു തന്നെ അതു തുടച്ചു മാറ്റപ്പെടുമെന്നുള്ളതിനു് യാതൊരു സംശയവുമില്ല. അതുകൊണ്ടു് വയനാടു പ്രദേശത്തുള്ള ആദിവാസികളുടെ കാര്യത്തിൽ പ്രത്യേകമായ ഒരന്വേഷണം നടത്താനും ഗവണ്മെൻറു് നിർദ്ദേശം നൽകിക്കഴിഞ്ഞിരിക്കുകയാണു്. സംസ്ഥാനത്തു് പൊതുവായും വയനാടു് ഏരിയായിൽ പ്രത്യേകിച്ചും ഒരു അന്വേഷണം നടത്തുന്നതാണു്. ഇതിനകംതന്നെ ഹരിജനക്ഷേമവകുപ്പിൻറെ മേലദ്ധ്യക്ഷനായ ഡയറക്ടർ അന്വേഷണം നടത്തിക്കഴിഞ്ഞിരിക്കുകയാണു്. ചില നിർദ്ദേശങ്ങളും അദ്ദേഹം ഗവണ്മെൻറിനു് സമർപ്പിച്ചിട്ടുണ്ടു്. അതിൻറെ അടിസ്ഥാനത്തിൽ നടപടികളും സ്വീകരിക്കുന്നതാണു്. അവർക്കു് സ്വന്തമായി ഭൂമികളും ഇന്നില്ല. പാർപ്പിട സൗകര്യമില്ല, ശുദ്ധജലത്തിനുള്ള സൗകര്യമില്ല, വെളിച്ചം ലഭിക്കാനുള്ള സാഹചര്യമില്ല. ഇത്തരം കാര്യങ്ങളും കണക്കിലെടുത്തുകൊണ്ടു് അവർക്കു് പ്രത്യേക രക്ഷ വ്യവസ്ഥചെയ്യാൻ ഗവണ്മെൻറു് നടപടികളും സ്വീകരിക്കുന്നതാണു്. ആദിവാസികളും താമസിക്കുന്ന സ്ഥലത്തു ഈ ഗവണ്മെൻറിൻറെ ശ്രദ്ധ വേണ്ടിടത്തോളം എത്തുന്നില്ലെന്നു് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിക്കുകയുണ്ടായി. ആ അഭിപ്രായത്തോടു് ഞാൻ വിയോജിക്കുകയാണു്. വയനാടുപോലെ തന്നെ ഏറ്റവും പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണു് ഹൈറേഞ്ചു്. അതുപോലെ തന്നെയാണു് അട്ടപ്പാടി പ്രദേശവും. ഈ മൂന്നാം പഞ്ചവത്സരപദ്ധതിയിൽ അനുവദിച്ച ആദ്യ ബ്ലോക്കു് അട്ടപ്പാടിയിൽ ഇന്നു് ആരംഭിച്ചിരിക്കുകയാണു്. 1964-65— ഓടുകൂടി രണ്ടാമതൊരു ട്രൈബൽ ബ്ലോക്കു് ആരംഭിക്കുമ്പോൾ തീർച്ചയായും അതു് വയനാടു താലൂക്കിൽ ആയിരിക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. അതിനു് ബഹുമാനപ്പെട്ട മെമ്പർക്കു് ഞാൻ ഉറപ്പു നൽകുകയാണു്. കാരണം രണ്ടുലക്ഷത്തോളം വരുന്ന ആദിവാസികളും നമ്മുടെ സംസ്ഥാനത്തുണ്ടു്. മലബാർ പ്രദേശത്തു് ഇന്നു് ആദിവാസികളെ പ്രതിനിധീകരിക്കുന്ന രണ്ടു് നിയോജകമണ്ഡലങ്ങളും നിലനിൽക്കുന്നതു് നോർത്തു് വയനാട്ടിലും, സൗത്തു് വയനാട്ടിലുമാണു്. ഇക്കാര്യങ്ങളും കണക്കിലെടുക്കുമ്പോൾതന്നെയും കേരളത്തിൽ ഏറ്റവും കൂടുതൽ ആദിവാസികളും താമസിക്കുന്ന പ്രദേശം വയനാടാണെന്നു് കാണാൻ സാധിക്കും. ഒരു ബ്ലോക്കിനാവശ്യമായ ജനസംഖ്യ ഇന്നു് വയനാട്ടിൽ ഉണ്ടു്. അതുകൊണ്ടാണു് രണ്ടാമത്തെ ബ്ലോക്കു് ആരംഭിക്കുമ്പോൾ വയനാട്ടിൽ തന്നെ ആരംഭിക്കാൻ നടപടികളും സ്വീകരിക്കുമെന്നു സൂചിപ്പിക്കാൻ ഇടവന്നിട്ടുള്ളതു്. ഇന്നു് ഗിരിവർഗ്ഗക്കാരുടെ ഭൂമി അന്യാധീനപ്പെട്ടുകൊണ്ടിരിക്കുകയാണു്. അതുകൊണ്ടു് ആവശ്യമായ ഒരു നിയമനിർമ്മാണം ചെയ്യാൻ ഗവണ്മെൻറു് നിശ്ചയിച്ചിരിക്കുകയാണു്. അവരെ സാമൂഹ്യമായും, സാമ്പത്തികമായും ഉയർത്തുന്നതിനുവേണ്ടി, അവർക്കു് എല്ലാവിധ പരിരക്ഷകളും നൽകുന്നതിനുവേണ്ടി ഇന്നു് ഗവണ്മെൻറിൻറെ ഭാഗത്തുനിന്നു് വളരെയേറെ സംഖ്യ ഏറ്റവും ന്യായമായ മാർഗ്ഗത്തിൽ വിനിയോഗിച്ചുവരുന്നുണ്ടു്. കഴിഞ്ഞ കൊല്ലങ്ങളെ അപേക്ഷിച്ചു് ഈ കഴിഞ്ഞ മൂന്നുനാലു കൊല്ലത്തിനുള്ളിൽ വയനാടു്, അട്ടപ്പാടി, അതുപോലെ തന്നെ ചിങ്ങേരി, മുക്കോടി, മന്നാക്കണ്ടം തുടങ്ങിയ സ്ഥലങ്ങളിൽ പ്രത്യേകമായി കാളനൈസേഷൻ പദ്ധതികളും ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

വയനാട്ടിന്റെ പ്രത്യേക സ്ഥിതിയെ പരിഗണിച്ച് ഒരു സർവ്വെയുടെ അടിസ്ഥാനത്തിൽ എണ്ണം ചെയ്യാൻ കഴിയുമെന്നു് ഗവണ്മെന്റു് പരിശോധിക്കുന്നതാണു്. ഒരു കമ്മിറ്റിയെ നിശ്ചയിച്ചു് അന്വേഷണം നടത്തണമെന്നു് ഗവണ്മെന്റു് ഇപ്പോൾ വിചാരിക്കുന്നില്ല. ഇപ്പോൾ ഹരിജൻ ഡിപ്പാർട്ടുമെന്റിൽ നിന്നു നിശ്ചയിച്ചിട്ടുള്ള ഉദ്യോഗസ്ഥന്റെ റിപ്പോർട്ടു കിട്ടിക്കഴിഞ്ഞതിനുശേഷം ആവശ്യമായ നടപടികളും ഈ രംഗത്തു് സ്വീകരിക്കുന്നതാണു്. വയനാടു് ഏരിയായിൽ ഇന്നുണ്ടെന്നറിയപ്പെടുന്ന യാതൊരു വിധത്തിലുള്ളതായ അടിമസമ്പ്രദായവും എന്നന്നേയ്ക്കുമായി തുടച്ചുനീക്കുന്നതിനു വേണ്ട നടപടികളും സ്വീകരിക്കാൻ ഗവണ്മെന്റു് സത്വരമായ നടപടി എടുക്കുന്നതാണെന്നു് ബഹുമാനപ്പെട്ട മെമ്പർക്കു് ഞാൻ ഉറപ്പു നൽകുകയാണു്. അതുകൊണ്ടു് ബഹുമാനപ്പെട്ട മെമ്പർ കമ്മിറ്റി രൂപീകരിക്കണമെന്നുള്ള നിർദ്ദേശം പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് ഞാൻ എന്റെ വാക്കുകളും അവസാനിപ്പിക്കുന്നു.

ശ്രീ. ടി. മുരുകേശൻ : കോട്ടയം ഡിസ്ട്രിക്ടിൽ ഉള്ള ഹൈറേഞ്ചു പ്രദേശങ്ങളിൽ ട്രൈബ്സ് അധികമായ ഉള്ളപടിയാൽ രണ്ടാവതു ട്രൈബൽ പ്ലാക് ഹൈറേഞ്ചിൽ വേണ്ടുമെന്നു മന്ത്രി അവർകളിടമും, ഡിപ്പാർട്ടുമെണ്ടിലും പല തടവൈകൾ കേട്ടും ഇതുവരെ അതിനു എന്ത് വിത നടവടിക്കയും എടുക്കാമലിരുപ്പതിനു പ്രത്തിയേക കാരണമെന്ന ? ഉടനടിയാക മന്ത്രിയവർകൾ ഇതെ കവനത്തിനു കൊണ്ടുവന്നു രണ്ടാവതു ട്രൈബൽ പ്ലാക് ഹൈറേഞ്ചിൽ നിയമിക്ക വേണ്ടുകിറേൻ.

ശ്രീ. കെ. കുഞ്ഞമ്പു : ഇതും കമ്മിറ്റിയിലുണ്ടു്. അതായതു് ഹൈറേഞ്ചു ഭാഗത്തും ടൈബൽ ബ്ലോക്കു് ആലോചനയിൽ ഇരിക്കുകയാണു്. ഇപ്പോൾ ഒന്നാമത്തേതു് അട്ടപ്പാടിയിലും രണ്ടാമത്തേതു് വയനാട്ടിലും കൊടുക്കാമെന്നാണു് പറഞ്ഞിട്ടുള്ളതു്. ഒന്നോ, രണ്ടോ ബ്ലോക്കുകളും കൂടി മൂന്നാം പദ്ധതിയിൽ കിട്ടാൻ സൗകര്യമുണ്ടെന്നാണു് മനസ്സിലാകുന്നതു്. അങ്ങനെ മൂന്നാമതൊരു ബ്ലാക്കു് വരുകയാണെങ്കിൽ ഹൈറേഞ്ചു് ഭാഗത്തെപ്പറ്റി പരിഗണിക്കാവുന്നതാണു്.

Mr Speaker : Mr. Balakrishnan Nambiar, do you press the Resolution ?

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവനയിൽ ആശയുടെ കിരണം കാണുന്നതുകൊണ്ടു് ഞാൻ പ്രസ്സു് ചെയ്യുന്നില്ല.

The Resolution moved by Shri P. C. Balakrishnan Nambiar, was by leave with drawn.

Resolution No. 3

Shri M. C. Abraham : I move.

"This House is of opinion that nationalisation of road Transport in this State may be completed within three years"

സർ, മൂന്നു വർഷത്തിനകം റോഡു് ട്രാൻസ്പോർട്ടു് ദേശവൽക്കരണം പൂർത്തിയാക്കണമെന്ന വ്യവസ്ഥയാണു് ഞാൻ ഈ സഭയുടെയും ഗവണ്മെന്റിന്റെയും മുമ്പാകെ വയ്ക്കുന്നതു്. ട്രാൻസ്പോർട്ടു് ഡിപ്പാർട്ടുമെന്റിന്റെ 25–ാമത്തെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടു് 1962–63–ലെ റിപ്പോർട്ടു് പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ടു്. ഇങ്ങനെ 25 വർഷത്തിനു മുമ്പു് ട്രാൻസ്പോർട്ടു സർവ്വീസു് പഴയ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് ഏർപ്പെടുത്തിയിട്ടുള്ളതാണു്. 25 കൊല്ലം കഴിഞ്ഞിട്ടും ട്രാൻസ്പോർട്ടു സർവ്വീസിന്റെ വലുപ്പം വളരെ കുറഞ്ഞുപോയി എന്നു പറയാതിരിക്കാൻ നിവർത്തിയില്ല. ന്യൂഷണലൈസേഷന്റെ ഗതി വളരെ മന്ദഗതിയിലാണെന്നു കാണാൻ

LIBRARY ARCHIVES Kerala Legislative Assembly